
S.K.H.S.S
GURUVAYOOR
ഉയരങ്ങളിലേക്ക്

# SCHOOL MAGAZINE

# 2019-20



***SREEKRISHNA HSS***
***GURUVAYUR***

# ഇൻഡക്സ്


1 ]....... നാം മുന്നോട്ട്

2].......ആമുഖം

3].......വെള്ളപ്പൊക്കം – പ്രളയം

4]....... പെയ്യാത്തമേഘം – ആകാശം എന്ന സങ്കൽപം

5].......എന്റെ വിദ്യാലയവും പരിസ്ഥിതിയും

6].......Some proud moments of SREE KRISHNA

7]........ Club activity

8]........പെരുന്തച്ചൻ പെരുമകൾ

9].......2019 ആവർത്തനപ്പട്ടിക

10]......നാളെ


KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# എഡിറ്റോറിയൽ ബോർഡ്

**സ്റ്റുഡന്റ് എഡിറ്റർ:–** മുഹമ്മദ് ഹാസം ടി.കെ
**സബ് എഡിറ്റർ :–**അൽഫാസ്,
സനിൽ ,
അനസ് പി.ആർ
ആദിത്യൻ പി.കെ
**കവർ ഡിസൈനർ:–**മുഹമ്മദ് മുഹ്സിൻ
**അംഗങ്ങൾ:–**മുഹമ്മദ് റാഫി
വിനായക് ഐ ആർ
ശിവ കൃഷ്ണ പി.വി
മുഹമ്മദ് ബാസിത് എ.വി
മുഹമ്മദ് സുഹാൻ
അശ്വിൻ കൃഷ്ണ,
പ്രണവ് രാജേഷ്

**നന്ദി :–**ജ്യോതി ടീച്ചർ
ശ്രീല ടീച്ചർ
സ്മിത ടീച്ചർ
സനോജ് മാസ്റ്റർ
മധു മാസ്റ്റർ
ജൂലിയറ്റ് ടീച്ചർ

# നാം മുന്നോട്ട്.................





പ്രിയരേ.................

ഏറ്റവും പുതിയ കാലത്തെ സ്വീകരിക്കുമ്പോഴാണ് നാം കൂടുതൽ സർഗ്ഗധനരാവുന്നത്. ഡിജിറ്റൽ വിപ്ലവം മാധ്യമ രംഗത്ത് വലിയ മാറ്റങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്. ശ്രീകൃഷ്ണ ഹയർസെക്കണ്ടറി സ്കൂളിൽ ' കൈറ്റിന്റെ' ആഭിമുഖ്യത്തിൽ 'ഉയരങ്ങളിലേക്ക്' എന്ന ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുമ്പോൾ സാങ്കേതിക വിദ്യയുടെ നൂതന സംരഭത്തിലേക്കു മാത്രമല്ല കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കുക എന്ന മഹത്തായ കർത്തവ്യമാണ് നിർവ്വഹിക്കപ്പെടുന്നത്. കല കുട്ടികളെ മാനവികതയിലേക്ക് നയിക്കുന്നു. സക്രിയമായ ഇടപെടലുകൾ കുട്ടികളെ മാനവികതയിലേക്ക് നയിക്കുന്നു. സക്രിയമായ ഇടപെടലുകൾ കുട്ടികളെ മൂല്യബോധമുള്ളവരും സർഗ്ഗധനരാകുമെന്ന പ്രതീക്ഷയാണ് എനിക്കുള്ളത്. ഇതിനുപിന്നിൽ പ്രവർത്തിച്ച എല്ലാ കുട്ടികൾക്കും അദ്ധ്യാപിക / അദ്ധ്യാപകർക്കും എന്റെ അഭിനന്ദനങ്ങൾ.

രാധ കെ എസ്

ഹെഡ്മിസ്ട്രസ്സ്

## വെള്ളപൊക്കം- പ്രളയം

പോയ്മറയുന്ന സൂര്യനും
താണ്ഡവമാടുന്ന വർഷവും
ഉയരുന്ന ദൈവനാട്ടിൽ
വീണ്ടും നാശം വിതയ്ക്കും മഹാപ്രളയം

ഉയരുന്നു സ്നേഹക്കരങ്ങൾ
താഴ്ന്നു സ്വാർത്ഥ ചിന്തകൾ
ഒറ്റക്കെട്ടായ് ഒരുമിച്ച നാം
അതിജീവിക്കും പ്രളയത്തെ

എന്തുചെയ്യണമെന്നറി-
യാതെ പക്ഷിമൃഗാദികൾ
താൻ വിതച്ച നാശം അനു-
ഭവിച്ച തീർക്കും സ്വാർത്ഥരാം മനുഷ്യർ

തകർന്നു കിടക്കും കെട്ടിടങ്ങൾ
തകർന്നു കിടക്കും മനുഷ്യമനസ്സും
ഇനിയെത്തെന്നറിയാതെ നെട്ടോട്ട-
മോടുന്നു പാപിയാം മനുഷ്യർ.

നിറഞ്ഞുകവിഞ്ഞ് ഡാമുകൾ
കര കവിഞ്ഞൊഴുകുന്ന പുഴകൾ
കോടാനുകോടി തൻ നാശം വിതയ്ക്കും
ദൈവ നാട്ടിൽ മഹാ പ്രളയം

ചീറിപായുന്ന ബോട്ടുകൾ
ചത്തുപൊന്തുന്ന മീനുകൾ
മാവേലി തൻ നാട്ടിൽ
മഹാപ്രളയം

പോയ് മറയുന്നു സൂര്യനും
താണ്ഡവമാടുന്ന വർഷവും
ഉയരുന്ന ദൈവനാട്ടിൽ
വീണ്ടുംനാശം വിതയ്ക്കും മഹാപ്രളയം.

ജ്യോതിഷ് കുമാർഎം.ആർ.
10 G

## പെയ്യാത്ത മേഘം - ആകാശമെന്ന സങ്കൽപം - നർമ്മദ ഭാർഗ്ഗവ്
**8 A**

ആകാശം എന്നു പറഞ്ഞാൽ ഒരു സങ്കൽകം മാത്രമാണ്. ഒരു ദിവസം അമ്മുവും കൂട്ടുകാരും കളിക്കാൻഇറങ്ങിയിരിക്കുകയാണ്. അത് ഒരു തുലാവർഷമായിരുന്നു. അവർ എല്ലാവരും വളരെയധികം കളിച്ചു ക്ഷീണിച്ചിരുന്നു. എല്ലാവരും കൂടി ഒരു ആൽമരതണലിൽ ഇരുന്നു ക്ഷീണം മാററുകയായിരുന്നു. അവരെല്ലാവരും പരസ്പരം പറഞ്ഞു.–"എന്താണാവോ ഈ തുലാവർഷമായിട്ടും ഒരു തുള്ളി മഴ പോലും പെയ്യുന്നില്ലല്ലോ"

പെട്ടെന്ന് ആകാശം കറുത്തിരുണ്ടു. അവർ വിചാരിച്ചു മഴ പെയ്യാൻ പോവുകയാണെന്ന്. അവർ ആർത്തുരസിച്ചു. "ഹേയ്, ഹേയ് മഴ വരുന്നേ മഴ " പക്ഷേ എത്ര കഴിഞ്ഞിട്ടും മഴ പെയ്തില്ല. അവർക്ക് ആകെ വിമ്മിഷ്ടമായി. ക്ഷീണിച്ച് ഇരിക്കുമ്പോൾ മഴ വന്നാൽ ആശ്വാസ്മായേനേ. പക്ഷെ മഴ പെയ്തില്ല.

അവർ എല്ലാവരും സന്ധ്യയായപ്പോൾ അവരവരുടെ വീട്ടിലേക്ക് മടങ്ങി. പക്ഷെ അമ്മുവിന് വല്ലാത്ത ചിന്തയായി. അവൾ വീട്ടിലെത്തി. അവളുടെ അമ്മയും അച്ഛനും വീട്ടിലു ണ്ടായിരുന്നു.

അമ്മ അവൾക്കുള്ള ചായ ഉ ണ്ടാക്കുകയിരുന്നു. അവൾ നേരെ കയറിച്ചെന്ന് അച്ഛന്റെ മടിയിലേക്ക് ഇരുന്നു. അമ്മേ എനിക്ക് ചായ. അവൾ വിളിച്ചു പറഞ്ഞു .

"ദാ, ഇപ്പോ തരാട്ടോ “

അമ്മു അവളുടെ അച്ഛനോടു ചോദിച്ചു "അച്ഛാ കാർമേഘങ്ങൾ കറുത്തിരുണ്ടിട്ടും എന്താ മഴ പെയ്യാത്തെ."

അമ്മു ഒരു ചെറിയ കുട്ടിയായതിനാൽ അച്ഛൻ അവളോട് പറഞ്ഞു " മോളെ അമ്മു ഈ കാർ–മേഘങ്ങൾക്ക് വിഷമം വരുമ്പോഴാണ് മഴ പെയ്യുന്നത് ,എന്നുവച്ചാൽ മോളെ നമുക്ക് വിഷമങ്ങളും, വേദനകളുംഉറഞ്ഞുകൂടുമ്പോഴല്ലേ നമ്മൾ കരയുക."

അവൾ പറഞ്ഞു "അതേ അച്ഛാ കാർമേഘങ്ങൾ ഇപ്പോൾ സന്തോഷത്തിലാണല്ലേ? ഇനി അവർക്ക് വിഷമം വന്നാ മഴ നന്നായി പെയ്യൂലേ?

ഉം എപ്പോഴാ മഴ വരിക എന്നുപറയാൻ പറ്റില്ല. നമ്മുടെപോലെതന്നെ അവർക്ക് സങ്കടവും, സന്തോഷവും മാറി മാറി വരും. മനസ്സിലായില്ലേ മോൾക്ക് എങ്ങനെയാ മഴ പെയ്യാന്ന്:

പിന്നെ കാർമേഘം കറുക്കുന്നത് ചെറിയ വിഷമം വന്നാ നിന്റെ മുഖം വാടില്ലെ. അതുഫോലെ. അച്ഛനവളോട് പറഞ്ഞു.

ആ ഇനി പോയി മോള് പോയിചായ കുടിച്ചോ. അങ്ങനെ അവൾ ചായ കുടിച്ച് മേലു കഴുകി നാമം ജപിക്കാൻ ഇരുന്നു.

## എന്റെ വിദ്യാലയവും പരിസ്ഥിതിയും

അതുൽകൃഷ്ണ .കെ.ആർ
10 G

വിജ്ഞാനമാണ് ഏറ്റവും വലിയ സമ്പത്ത്. ആ സമ്പത്തിലേക്ക് എത്തിച്ചേരാൻ എന്നെ പഠിപ്പിച്ചത് ശ്രീകൃഷ്ണഎച്ച്.എസ്.എസ്. എന്നു പേരുള്ള എന്റെ കൊച്ചു വിദ്യാലയമാണ്. സ്കൂളിന്റെ പടി കയറുമ്പോൾ ഉള്ള വനം കുട്ടികളിലക്ക് പ്രകൃതി സൗന്ദര്യത്തിന്റെ പ്രീതിയുണർത്തുന്നു. നല്ല ചുറ്റുപാടാണ് നല്ല ചിന്തകളിലേക്കും നല്ല ലക്ഷ്യത്തിലേക്കും നമ്മേ നയിക്കുന്നത്. അങ്ങനെയൊരു നല്ല ചുറ്റുപാട് തന്നെയാണ് ശ്രീകൃഷ്ണ സ്കൂളിൽ നമ്മളെ സ്വാഗതം ചെയ്യുന്നത്.

വിവിധ തരം ഓഷധസസ്യങ്ങൾ നിറഞ്ഞ് നിൽക്കുന്നതാണ് ശ്രീകൃഷ്ണ സ്കൂളിന്റെ വിദ്യാലയ തിരുമുറ്റം. ഓഷധസസ്യങ്ങൾ മാത്രമല്ല കൂടാതെ എല്ലാതരം പൂക്കളും പച്ചക്കറിത്തോട്ടവും മറ്റും ഈ കൊച്ചുവിദ്യാലയത്തിൽ നിലനിന്നുപോകുന്നു.വിദ്യാലയത്തിന്റെ ഹൃദയത്തിലേക്ക് ഇറങ്ങി ചെല്ലുമ്പോഴാണ് ഈ വിധത്തിലുള്ള അത്ഭുതങ്ങൾ നമുക്ക് കാണാൻ കഴിയുന്നത്. ശലഭത്തിന്റെ ഒരുകൊച്ചുവീട് തന്നെയുണ്ട് എന്റെ വിദ്യാലയത്തിൽ. അതിന് എല്ലാ വിദ്യാർത്ഥികളും കൂടി 'ശലഭോദ്യാനം' എന്ന പേര് നൽകിയിട്ടുമുണ്ട്.വിവിധ തരം ശലഭങ്ങളാണ് പ്രതിദിനം ഈ ശലഭോദ്യാനത്തിലെത്തുന്നത്. അവയെ കാണാൻ വിദ്യാർത്ഥികളും. ശലഭങ്ങൾ ഒരു നല്ല അന്തരിക്ഷത്തിന്റെതെളിവാണ്. ആ നല്ല അന്തരീക്ഷം ഈ സ്കൂളിൽ ഉണ്ടെന്ന് അവ തെളിയിച്ചു. ശലഭങ്ങൾ നന്മകളുടെയും സമാധാനത്തിന്റെയും പ്രതീകമാണ്.

നന്മയും സമാധാനവും, ഐശ്വര്യവും നിലനിൽക്കുന്ന ഒരു ചുറ്റുപാട് തന്നെയാണ് ശ്രീകൃഷ്ണ സ്കൂളിൽ ഉള്ളത്.പുഷ്പങ്ങളും, വൃക്ഷങ്ങളും, ഔഷധസസ്യങ്ങളും മാത്രമല്ല ഇവിടെയുള്ളത്. കുട്ടികൾക്ക് തങ്ങളുടെ കായികശേഷി തെളിയിക്കാനുള്ള വലിയ മൈതാനവും ഇവിടെയുണ്ട്. ഗുരുവായൂർ മേഖലയിൽ വെച്ച് ഏറ്റവും വലിയ ഗ്രൗണ്ട് ശ്രീകൃഷ്ണയ്ക്ക് സ്വന്തമാണ്. മഴവെള്ളം

ശേഖരിക്കാനായി പലയിടത്തും മഴക്കുഴികളും കൃഷി ക്ലബിന്റെ വക സ്ഥാപിച്ചിട്ടുണ്ട് .പ്ലാസ്റ്റിക്കിന്റെ ഉപയോഗം വ്യാപകമായ ഈ സാഹചര്യത്തിൽ പ്ലാസ്റ്റിക്ക് എന്ന ദോഷകാരിയെ ഈ സ്കൂൾ നിരോധിച്ചിരിക്കുകയാണ്.

പ്ലാസ്റ്റിക്ക് കുപ്പികൾക്ക്  പകരം സ്റ്റീൽ  കുപ്പികളാണ് വിദ്യാർഥികൾ സ്കൂളിലേയ്ക്ക് കൊണ്ടുവരുന്നത്. സാധനങ്ങൾ ഉപയോഗിച്ചശേഷം വലിച്ചെറിയുക എന്ന പാശ്ചാത്യ സംസ്കാരത്തിലാണ് നാം ഇപ്പോൾ ജീവിക്കുന്നത്. ഇങ്ങനെ വലിച്ചെറിയുന്ന സാധനങ്ങൾ മാലിന്യങ്ങളായി തീരാതെ അവ ശരിയായ വിധത്തിൽ സംസ്കരിക്കാനുള്ള സംവിധാനങ്ങൾ ഈ സ്കൂളിലുണ്ട്. അതുകൊണ്ട്തന്നെ ഈ സ്കൂൾ മാലിന്യ പ്രശ്നങ്ങളിൽ നിന്നും കരകയറിയിരിക്കുന്നു.

പാഠം – പാടത്തേക്ക് എന്ന പദ്ധതി തുടങ്ങിയതോടെ എല്ലാ വിദ്യാർത്ഥികളും കൃഷിയിലും  ശ്രദ്ധ ചെല്ലുത്തുന്നവരായി മാറി.ഒഴിവുസമയങ്ങളിൽ വിദ്യാർത്ഥികൾക്ക് വിശ്രമിക്കാൻ മാവിൻ ചോട്ടുകളും ഓഷധങ്ങളെ അറിയാൻ ഔഷധതോട്ടങ്ങളും ശലഭങ്ങളെ കാണാൻ ശലഭോദ്യാനവും അങ്ങനെ ഒരു ഐശ്വര്യപൂർണ്ണമായ സ്കൂൾ തന്നെയാണ് ശ്രീകൃഷ്ണ. അധ്യാപകരുടേയും രക്ഷിതാക്കളുടേയും  കുട്ടികളുടെയും  കൂട്ടായ പ്രവർത്തനത്തിലൂടെ ഒരു പാട് നല്ല തലമുറയെ  വാർത്തെടുക്കാൻ  ശ്രീകൃഷ്ണയ്ക്ക്  കഴിയട്ടെ എന്ന്  ആശംസിക്കുന്നു

# SOME PROUD MOMENTS OF SREEKRISHNA



Overall Chavakkad



## Samskritolsavam Overall









# CLUB ACTIVITIES












പാഠം ഒന്ന്
പാടത്തേയ്ക്ക്

## പെരുന്തച്ചന്റെ പെരുമകൾ - ഹരികൃഷ്ണനുമായുള്ള (10A )അഭിമുഖം

സംസ്ഥാന  സ്കൂൾ പ്രവൃത്തിപരിചയമേളയിലേക്ക് മരപ്പണിയിൽ തെരഞ്ഞെടുക്കപ്പെട്ട ശ്രീകൃഷ്ണ ഹയർസെക്കണ്ടറി സ്കൂളിലെ പെരുതച്ഛൻ ഹരികൃഷ്ണൻ ടി.ആർ. ന് സ്വാഗതം.

എങ്ങനെയാണ് മരപ്പണിയിൽ എത്തിപ്പെട്ടത്?

പാരമ്പര്യമായ കുലത്തൊഴിലാണ് മരപ്പണി. അച്ഛന് ആശാരിപ്പണിയാണ്. വീട്ടിൽ കമ്പനി നടത്തുന്നു. രണ്ടു സഹായികളുമുണ്ട് കൂടെ. ഒരു വീടുനു വേണ്ട മൊത്തം വർക്കും ചെയ്തുകൊടുത്തുകൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ ഇതിൽ എത്തിപ്പെടാതിരിക്കാൻ കഴിയില്ലായിരുന്നു.

എന്നു തുടങ്ങി മരപ്പണിയിൽ താല്പര്യം?
ചെറിയ പ്രായത്തിൽത്തനെയുണ്ട് . വൈലത്തൂർ സേക്രഡ് ഹാർട്ട് കോൺവെന്റിൽ മൂന്നാം ക്ലാസിൽ പഠിക്കുമ്പോഴാണ് ആദ്യമായി പ്രവൃത്തിപരിചയമേളയിൽ മത്സരം തുടങ്ങിയത്. മരത്തിൽ കൊത്തുപണിയായാണ് തുടങ്ങിയത്.

നേട്ടങ്ങൾ എന്തെല്ലാമായിരുന്നു?

4–ാം ക്ലാസിൽ പഠിക്കുമ്പോഴാണ് ആദ്യമായി സബ് ജില്ലയിൽ എ ഗ്രേഡ് നേടി ജില്ലയിൽ എത്തിയത്. അവിടെ എ ഗ്രേഡ് കിട്ടി.
അഞ്ചിലും ആറിലും ഒന്നും മത്സരത്തിൽ പങ്കെടുത്തില്ല. ഏഴാം ക്ലാസിൽ  വീണ്ടും ജില്ലയിലെത്തി. ഒമ്പതിൽ സബ് ജില്ലയിൽ നിന്ന് എ ഗ്രേഡോടെ ജില്ലയിൽ എത്തി. A grade കിട്ടി. ഈ വർഷം ജില്ലയിൽ നിന്ന് സംസ്ഥാനതലത്തിലേയ്ക്ക് തിരഞ്ഞെടുത്തു

എന്തൊക്കത്തരം വർക്കുകളാണ് ചെയ്യുന്നത്?

ഒരു നല്ല വർക്ക് നന്നായി ഫിനിഷിംങ്ങോടെ ചെയ്യുകയാണ് വേണ്ടത്. ചിലപ്പോൾ രണ്ടും മൂന്നും സാധനങ്ങൾ ഉണ്ടാക്കാറുണ്ട് . നല്ലൊരു മേശ ഉണ്ടാക്കിയാണ് ഇത്തവണ ജില്ലയിൽ നിന്നും സംസ്ഥാനത്തെത്തിയത്. കസേരകൾ, കട്ടിൽ, തൊട്ടിൽ, ബ്ലാക്ക്ബോർഡ്, ബെഞ്ച് തുടങ്ങി എല്ലാ തരം  പണികളും ചെയ്യാറുണ്ട്. ഇനി സംസ്ഥാനതലത്തിലും നല്ലൊരു മേശ ഉണ്ടാക്കാൻ തന്നെയാണ് പ്ലാൻ. സ്കൂളിൽ ഉണ്ടാക്കിവെച്ച കൊച്ചുബ്ലാക്ക്ബോർഡും, മേശയും എല്ലാവർക്കും ഇഷ്ടപ്പെട്ടതായിപ്പറയുന്നു. മരത്തിൽ കൊത്തുപണിയും ചെയ്യാറുണ്ട്. മയിലിനെ ഒക്കെകൊത്തിയെടുക്കാൻ കഴിയും.

ഏതൊക്കെ തരം മരമാണ് ഉപയോഗിക്കുന്നത്?

അയനിയും പ്ലാവുമാണ് ഇത്തവണ ഉപയോഗിച്ചത്. വീട്ടിൽ മരപ്പണി   ഉള്ളത് കൊണ്ട് വേണ്ട മരങ്ങൾ എടുത്തുകൊണ്ടുവരാൻ കഴിയുന്നു. ഏതാണ്ട് ഒരു ക്യൂബി മരം വേണ്ടിവന്നു.

മത്സരങ്ങളെ എങ്ങനെ കാണുന്നു?

മൂന്നു മണിക്കൂറാണ് സമയം. മരം മുറിച്ചു ചേർത്ത് മിനുസമാക്കണം. നാലിഞ്ച്, രണ്ടിഞ്ച്; ഒരിഞ്ച് ഉളികൾ കരുതും. തുളയ്ക്കാനുള്ള  ഉളിയും വാളൻ മുട്ടിയും ചുറ്റികയുമൊക്കെ വേണം. തുളയ്ക്കാനാണ് ബുദ്ധിമുട്ട് ഡ്രില്ലർ ഉപയോഗിക്കാൻ പാടില്ല. മരയാണി വെക്കുന്നത് കൂടുതൽ മാർക്കു കിട്ടാൻ സഹായിക്കും. ജഡ്ജസ് ചിന്തേരിട്ടു കാണിച്ചുകൊടുക്കാൻ പറയും. വേറെയും ചോദ്യങ്ങൾ ചോദിക്കും. സംസ്ഥാനത്തും നന്നായിത്തന്നെ വർക്ക്ചെയ്യാൻ കഴിയും എന്നുതന്നെയാണ് വിശ്വാസം.

വീട്ടുവിശേഷങ്ങൾ

കൂട്ടുകുടുംബമായാണ് താമസം. അച്ഛൻ രാമചന്ദ്രൻ  അമ്മ കവിത ടൈലറിംഗ് നടത്തുന്നു. ചേച്ചി നേഴ്സിംഗിനു പഠിക്കുന്നു. പഠിക്കുന്ന കാലത്ത് ചേച്ചിയും തുന്നൽമത്സരത്തിൽ പങ്കെടുത്തിരുന്നു.

എന്തെങ്കിലും രസകരമായ അനുഭവങ്ങൾ?

മൂന്നുവർഷം മുമ്പ് പാപ്പന്റെ മകൻ മത്സരിക്കാൻ വേണ്ടി പഠിക്കാൻ വന്നു. ഞാൻ ഒരു വർക്ക് ചെയ്തുകൊടുത്തു. അവനതുകൊണ്ടുപോയി

അഴിച്ചുവച്ചു. മത്സരത്തിൽ കുട്ടിച്ചേർത്തു ജില്ലയിൽ ഒന്നാംസ്ഥാനവും നേടി.
മറ്റൊരു ജില്ലയിൽ എനിക്ക് ആ വർഷം സമ്മാനം കിട്ടിയില്ല.

അതു പറഞ്ഞപ്പോഴാണ് .........................
മറ്റ് കുട്ടികളെയുംപരിശീലിപ്പിക്കാമെന്ന് ജയന്തൻ മാസ്റ്ററോട് പറഞ്ഞിരുന്നോ?

അടുത്തവർഷവും ഈ  ഇനത്തിൽ തന്നെ നമ്മുടെസ്കൂളിൽനിന്ന് കുട്ടികൾ പങ്കെടുക്കണം
അതിന് വേണ്ടി  എന്റെ കൂട്ടുകാരെ  എനിക്ക് അറിയുന്നത് പഠിപ്പിക്കാം എന്നാണു പറഞ്ഞത്.  പഠിച്ച സ്കൂളിന് പോയന്റ് കിട്ടുന്നത് സന്തോഷമുള്ളകാര്യമല്ലേ.

മത്സരങ്ങളിലൂടെ മറ്റുള്ളവരെ തോല്പിക്കാൻ മാത്രം ശ്രമിക്കുന്നവർക്കിടയിൽ ഇത്തരം നല്ല മനസ്സ്കൊണ്ടുനടക്കുന്നതുതന്നെ വളരെ-വളരെ നല്ലത്.

എന്താണ് ഭാവി പരിപാടി?
നല്ലൊരു ആർക്കിടെക്റ്റ്ആകണം.

ഉം  തുടർന്നും ഒരു പാട് സമ്മാനങ്ങൾ കിട്ടാനും ആഗ്രഹങ്ങൾ എല്ലാം സഫലമാകട്ടെഎന്നും ആശംസിക്കുന്നു

നന്ദി..

# 2019-ആവർത്തനപ്പട്ടികയും അന്താരാഷ്ട്രവർഷവും

എം.വി.മധു (HST)

2019 ഐക്യരാഷ്ട്രസഭ ഇന്റർനാഷണൽ ഇയർ ഓഫ് പീരിയോഡിക് ടേബിൾ (1107) ആയി പ്രഖ്യാപിച്ചിരിക്കുകയാണ്. മെൻഡലിയേവ് തയ്യാറാക്കിയ ആവർത്തപട്ടികയുടെ 150–ാം വർഷം ഇന്റർനാഷണൽ യൂണിയൻ ഫോർ പ്യൂവർ ആന്റ് അപ്ലയ്ഡ് കെമിസ്ട്രി(IUPAC) സ്ഥാപിതമായതിന്റെ 100–ാം വർഷം എന്നീ സാഹചര്യത്തിലാണ് 2019 ആവർത്തനപ്പട്ടികയുടെ അന്താരാഷ്ട്രവർഷമായി ആചരിക്കുന്നത്. കേവലം ഒരു വർഗ്ഗീകരണപട്ടിക എന്നതിനപ്പുറം രാസമൂലകങ്ങളുടെ സവിശേഷതകളും സ്വഭാവങ്ങളും തിരിച്ചറിഞ്ഞ് എണ്ണമറ്റ ശാസ്ത്രസത്യങ്ങൾ വെളിപ്പെടുത്താനുള്ള വഴി തുറന്നുവെന്നതാണ് ആവർത്തനപ്പട്ടികയുടെ പ്രസക്തിയും പ്രാധാന്യവും. എല്ലാ വസ്തുക്കളും മൂലകങ്ങളാൽ നിർമ്മിതമായതിനാൽ വിവിധ ശാസ്ത്രശാഖകൾ തമ്മിലുള്ള വേർതിരിവ് ഇല്ലാതാക്കാനുള്ള മൂലഭാഷയായി ആവർത്തനപ്പട്ടികയെ സ്വീകരിക്കാമെന്നും അതുവഴി ലോകത്തിന്റെ നിലനില്പിന് ഗുണകരമായ രീതിയിൽ പ്രകൃതിയെ സംരക്ഷിച്ചുകൊണ്ട് ശാസ്ത്രമുന്നേറ്റം സാദ്ധ്യമാക്കുക എന്ന ആശയമാണ് യുനസ്കോ വിഭാവനം ചെയ്യുന്നത്. "ശാസ്ത്രം, സമൂഹം, ലോകം, സുസ്ഥിര വികസനം" എന്നതാണ് അന്താരാഷ്ട്ര ആവർത്തനപ്പട്ടികാ വർഷം മുന്നോട്ടുവെക്കുന്ന സുപ്രധാന സന്ദേശം.

ലാവോസിയെ, ന്യൂലാൻഡ്സ് തുടങ്ങിയ നിരവധി ശാസ്ത്രജ്ഞന്മാർ മൂലകങ്ങളെ വർഗ്ഗീകരിച്ചിട്ടുണ്ടെങ്കിലും ഹെന്റി മോസ്‌ലിയുടെ പരിഷ്കരിച്ച ആധുനിക ആവർത്തനപ്പട്ടികയാണ് നിലവിൽ പ്രചാരത്തിലുള്ളതെങ്കിലും മെൻഡലിയേവാണ് മൂലകങ്ങളുടെ വർഗ്ഗീകരണത്തിൽ വ്യത്യസ്തവും പ്രധാനവുമായ ശ്രമം നടത്തിയത്. മധ്യകാലഘട്ടത്തിലെ ആൽക്കെമി" എന്ന മാന്ത്രിക നിഗൂഢതകളിൽ നിന്ന് രസതന്ത്രത്തെ മോചിപ്പിച്ച് ആധുനിക ശാസ്ത്രമാക്കി പരിവർത്തനം ചെയ്യുതിൽ മെൻഡലിയേവിന്റെ ആവർത്തനപ്പട്ടികക്ക് വലിയപങ്കുണ്ട്.കൂടാതെ അതുവരെ കണ്ടെത്താത്ത ഏതാനും മൂലകങ്ങളെക്കുറിച്ച് കൃത്യമായി പ്രവചിക്കാൻ കഴിഞ്ഞത് അത്ഭുതകരമായ കാര്യമായിരുന്നു. മാത്രമല്ല അതുവരെ തർക്കവിഷയമായിരുന്ന ആറ്റം സങ്കല്പനത്തെക്കുറിച്ച് വ്യക്തത വരുത്താനും അതിനു കഴിഞ്ഞു. പ്രപഞ്ചത്തിലെ സർവ്വചരാചരങ്ങളും വിവിധ മൂലകങ്ങളാൽ അഥവാ അവയുടെ ആറ്റങ്ങളാൽ നിർമ്മിതമാണ്. അതുകൊണ്ടുതന്നെ പ്രപഞ്ചത്തിന്റെ സ്വത്വം മുഴുവനും ഉൾക്കൊള്ളിച്ച വിസ്മയാവഹമായ പട്ടികയാണ് ആവർത്തനപ്പട്ടിക. അതുകൊണ്ടുതന്നെ ആവർത്തനപ്പട്ടിക രസതന്ത്രത്തിന്റെ മാത്രം പട്ടികയല്ല.

എല്ലാ ശാസ്ത്രശാഖകളും ഏതെങ്കിലുമൊരു തരത്തിൽ ആവർത്തനപ്പട്ടികയോടും,രസതന്ത്രത്തോടുംബന്ധപ്പെട്ടിരിക്കുന്നു. അടിസ്ഥാനശാസ്ത്രങ്ങളായ ഭൗതികശാസ്ത്രം, ജീവശാസ്ത്രം എന്നിവയിലും ഭൗതിക രസതന്ത്രം, ബയോ കെമിസ്ട്രി ന്യൂക്ലിയാർ കെമിസ്ട്രി, മെഡിക്കൽ കെമിസ്ട്രി, ഫോറൻസിക് കെമിസ്ട്രി, പരിസ്ഥിതി രസതന്ത്രം എന്നീ ഇന്റർഡിസിപ്ലിനറി അപ്രോച്ചിലും ആധുനിക ശാസ്ത്രശാഖകളായ, നാനോസയൻസ്, കൃത്രിമബുദ്ധി എന്നീ മേഖലകളിലും നേരിട്ടും എല്ലാ ശാസ്ത്രശാഖകളെയും ബന്ധിപ്പിക്കുന്ന ചങ്ങലക്കണ്ണിയായും ഇത് പ്രയോഗത്തിലുണ്ട്

രസതന്ത്രജ്ഞർ ഏറ്റവും മഹത്തായ കണ്ടുപിടുത്തമെന്നു വിശേഷിപ്പിക്കുന്ന രാസവളമായി, ലക്ഷക്കണക്കിനാളുകളെ പട്ടിണിയിൽ നിന്നും രക്ഷിച്ച അമോണിയയുടെ നിർമ്മാണം, ഇന്നു മനുഷ്യന്റെ എല്ലാ മണ്ഡലങ്ങളിലും ഒഴിച്ചുകൂടാൻ പറ്റാത്ത ഘടകമായി മാറിയ അത്ഭുത വസ്തുവായ പ്ലാസ്റ്റിക്കിന്റെ നിർമ്മാണം, ലോഹസങ്കരങ്ങൾ, സ്റ്റീൽ, ഗ്ലാസ്, സിമന്റ്, സോപ്പ് ഡിറ്റർജന്റുകൾ, ഡൈകൾ, മരുന്നുകൾ, ശീതീകരണികൾ തുടങ്ങിയവയെല്ലാം തന്നെ ആവർത്തനപ്പട്ടികയെന്ന അടിത്തറയിൽ പടുത്തുയർത്തപ്പെട്ടവയാണ്.

ഒരു മുടിനാരിന്റെ 10 ലക്ഷത്തിൽ ഒരു ഭാഗം മാത്രം കനവും ഉരുക്കിനേക്കാൾ 200 മടങ്ങ് ഉറപ്പുമുള്ള അത്ഭുതവസ്തുവായ ഗ്രാഫീൻ ഇനി വരുന്ന ലോകത്തെ മാറ്റിമറിക്കാൻ കഴിയുന്ന പദാർത്ഥമായി മാറിയിരിക്കുന്നു.അതു തുറന്നിടുന്ന അനന്തസാധ്യതകളിലേക്കായിനിനമുക്ക് കാത്തിരിക്കാം.

# നാളെ

നഗരത്തിലെ മാലിന്യ പ്രശ്നം കാരണം മുഖത്ത് മാസ്കുംവെച്ചിരിക്കുന്ന കുട്ടികളെ കണ്ട് ചിരിക്കണോ കരയണോ എന്നറിയാതെ സതീശൻ. പത്തുകൊല്ലമായി ഈ നഗരത്തിൽ തന്നെയാണ് കുടുംബവുമായി. വായു മാലിന്യം മൂലം സ്കൂളിനവധി പറഞ്ഞിരിക്കുകയാണ് . പുറത്തിറങ്ങാനോ കളിക്കാനോ കൂടി തരമില്ല. വായു അത്ര മലിനമാണ് .എന്തുചെയ്യാം വികസനത്തിന്റെ ഗുണത്തോടൊപ്പം ദോഷവും അനുഭവിക്കണമല്ലോ! വെറുതെയിരുന്ന ചിന്തയിലായിപ്പോയി. ഓർമകൾ പതിയെ സ്വന്തം ഗ്രാമത്തിലെത്തി. കുഞ്ഞുനാളിലെ ഒരോർമയിൽ ഒരു ഓർമപ്പെടുത്തലുണ്ടായിരുന്നു.

പണ്ട് ആനന്ദനും അപ്പുവും പയസ്സ മൊക്കെയായി സ്കൂളിൽ പോയിരുന്ന കാലം. കന്നാലിതെച്ചി മുറ്റി നിൽക്കുന്ന വെട്ടുവഴിയിലൂടെയുള്ള യാത്ര. അവിടെ വേർതിരിവുകളില്ല. എല്ലാവരും ഒന്നാണ്. റോഡ് വന്നിട്ടില്ല. സ്വല്പം വീതിയുള്ള വെട്ടുവഴിയാണ്. പേരിനൊരു ബസ്സും ഓടുന്നുണ്ട്,വിശ്വനാഥ്. പൊടിപറത്തി പോകുന്ന ബസ്സിന്റെ ഡ്രൈവർ അയ്യപ്പൻ, എല്ലാവർക്കും സുപരിചിതനാണ്. ഞങ്ങളുടെ സ്കൂളിന്റെ പടിവരയേ ഓടുന്നുള്ളൂ. അവിടെനിന്ന് തിരിച്ച് പോകും. ഈ വഴിയുടെ ഇരുഭാഗത്തുമായി പാഠമുണ്ട് . പാടത്ത് പൊളിഞ്ഞുവീഴാറായ ഒരമ്പലവും, തിപ്പലശ്ശേരി മഹാവിഷ്ണു ക്ഷേത്രം. പാടത്തിന്റെ നടുക്കായി ഒരു പാലമുണ്ട്. ഈ പാലത്തിനുമുകളിലൂടെയാണ് നമ്മുടെ യാത്ര പാലത്തിനടിയിൽ ചെറിയതാണെങ്കിലും ഭേദപ്പെട്ട ഒരു കുളമുണ്ട്. ഈ കുളത്തിലേക്കിറങ്ങാൻ റോഡിൽനിന്നും ചെരിഞ്ഞുവരുന്ന ഒരു ചെറിയ വഴിയും. ഈ വഴിയിൽക്കൂടിയാണ് നാട്ടിലെയുള്ള കന്നുകാലികളെയെല്ലാം കുളത്തിലിറക്കി കഴുകിയിരുന്നത്. പോത്തുകളേയും നാട്ടിലുള്ള മറ്റു പശുക്കളെയുംകൊണ്ട് ഏതാണ്ട് നിറഞ്ഞിരിക്കും കുളം. ഊഴം കാത്ത് കുറച്ച് പേർ പാലത്തിന്റെ തിണ്ണ മേൽ ഇരിക്കുന്നുണ്ടാവും. ഈ ഇരുപ്പിലിരുന്നാണ് നാട്ടിലെയും വീട്ടിലെയും കഥകളെല്ലാം പറഞ്ഞിരുന്നിരുന്നത്. അതിൽ അടിയന്തിരാവസ്ഥ മുതൽ വീട്ടിലെ കഞ്ഞിയും ചമ്മന്തിയും വരെ വിഷയമായിരുന്നു. ഈ സമയത്തതാണ് നാട്ടിൽ ട്രാക്ടർ എന്ന പാടം പൂട്ടുന്ന യന്ത്രം വരുന്നത്. അന്നത്തെ ചർച്ച ട്രാക്ടർ വേണോ വേണ്ടയോ എന്നാണ്. ചർച്ച തുടങ്ങിയത് കോരനും കുമാരനും കൂടിയാണ്. ട്രാക്ടർ ഇറങ്ങിയാൽ തടുക്കണം എന്ന് കോരൻ മേലാന്മാർ പോലിസിനേയും കൂട്ടി വരോന്ന് കുമാരൻ. എന്നാലതൊന്ന് കാണണമെന്ന് കോരൻ. ട്രാക്ടർ വന്നാലത്തെ ഗുണത്തെ പറ്റി കുഞ്ഞൻനായർ.

ഈ കുഞ്ഞൻനായർ പശുവിനെ കഴുകാനാണ് വന്നിട്ടുള്ളത്.
ഈ കലഹങ്ങളിലൊന്നും താല്പര്യമില്ലെന്ന മട്ടിൽ പോത്തിനെ വെള്ളത്തിലിറക്കി കരയിലുരുന്ന് വെറ്റിലയിൽ ചുണ്ണാമ്പു തേക്കുന്ന അയ്യപ്പൻ. ട്രാക്ടർവന്ന് പണി തുടങ്ങിയാൽ തങ്ങൾക്ക് പണിയുണ്ടാകില്ലെന്നും ഈ കാലികളെയും തന്റെ കുട്ടികളെയും എങ്ങനെ നോക്കും എന്നാണ് കുമാരന്റെ ഭയം.

നാട്ടിലെപാർട്ടിക്കാരുടെ വീട്ടിലെ പണിക്ക് പോകുന്നതാണ് കോരന്റെ ബലം എന്ത് വന്നാലും ഇറക്കില്ലെന്ന് കോരന്റെ ശബ്ദം ഉയർന്നപ്പോഴാണ് അയ്യപ്പൻ തല ഉയർത്തിനോക്കുന്നത്. കോരൻ ആവേശത്തിലാണ്. കോരൻ ഇനി ആവേശം കാണിക്കും എന്ന ബോധത്തിലാവണം അയ്യപ്പൻ പറഞ്ഞു "ഡാ കുമാരാ,തന്റെ ട്രാക്ടർ കണ്ടത്തിൽ ചാണടോ,മൂത്രമൊഴിക്കോ,പിന്നെ എന്ത് ഉണാണ്ട ഈ വണ്ടിക്കുള്ളത് ? കൊറേ പുകയും എണ്ണയും. അത് ഈ മണ്ണിൽ വീണാൽ നെല്ലുണ്ടാവോ അതോ നശിക്കോ പറയെടാ ".അക്ഷരാഭ്യാസമില്ലാത്തോന്റെ തത്ത്വജ്ഞാനത്തിന്റെ ശക്തികൊണ്ടായിരിക്കാം പിന്നെ ആരും ഒന്നും പറഞ്ഞില്ല. കുമാരൻ പറഞ്ഞു"എനിക്കും ദെണ്ണണ്ട് അയ്യപ്പേട്ടാ,ഇന്റെ കന്നിനെ ഞാൻ എന്റെ കുട്ടികളെപ്പോലെയാണ് വളർത്തുന്നത്. അതിനെ പെരുമ്പിലായി ചന്തയിൽ വിൽക്കാൻ മനസ്സ് സമ്മതിക്കണില്യ. അത്രക്ക് ദെണ്ണണ്ട്." അയ്യപ്പൻ വീണ്ടും പറഞ്ഞു "അറിവുള്ളവർ ഇവിടെ ട്രാക്ടർ ഇറക്കും പൂട്ടും കൊയ്യും,നമുക്ക് തടുക്കാൻ കഴിയില്ല്യ. ഈ മണ്ണും വിണ്ണും എല്ലാം നശിപ്പിക്കും." അത്രയും കാലം മുൻപ് ഉണ്ടായ അയ്യപ്പന്റെ പ്രവ്യാപനം സതീശന്റെ തലച്ചോറിൽ പെരുമ്പറയായി. സതീശൻ കണ്ണ് തുറന്ന് കുട്ടികളെ നോക്കി. നെടുവീർപ്പിട്ടു.

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

